
# തർജ്ജനി

***ഡിജിറ്റൽ മാഗസിൻ***
***കുറ്റിക്കാട്ടൂർ ഗവ ഹയർ സെക്കൻററി സ്കൂൾ***





## എഡിറ്റോറിയൽ ബോർഡ്



CHIEF EDITOR

SHANIL AFTHAS-PT

MEMBERS

HAREESH KEEYAL [HST]
ABHISHEK-S
ABITH-M
AFNAS SAHAL
BIDHUN-C
AKHIL-KP

സാങ്കേതിക സഹായം


1)രൂപേഷ് (അധ്യാപകൻ)

2)രാജീവ് (അധ്യാപകൻ)

3)വിധുബാല (അധ്യാപിക)

4)സുമേഷ് (അധ്യാപകൻ)

# സന്ദേശം




**ആശ വി.എ**

**ബഹു:ഹെഡ്മിസ്ട്രസ്**

**കുറ്റിക്കാട്ടൂർ ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ**

**ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്ത സാധ്യതകളിലേക്ക് ഒരെത്തിനോട്ടം നടത്താൻഅവസരം ലഭിക്കുന്ന എന്നത് വലിയ ഭാഗ്യം തന്നെയാണ് . നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഈ ഉദ്യമത്തിൽ എനിക്ക്സന്തോഷമുണ്ട് . അവരെ പോത്സാഹിപ്പിച്ച , പരിശീലിപ്പിച്ച , കൈറ്റ് മാസ്റ്റർ രാജീവിനും , മിസ്ട്രസ്സ് വിധുബാല ക്കും കൂടുതൽ അവസരങ്ങളിലേക്ക്കുട്ടികളെ നയിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .ഐ.ടി രംഗത്തെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രചോദനമേകാൻ ആഗ്രഹിച്ചു കൊണ്ട് , ഒപ്പമുണ്ട് , എന്നും**

**......ആശ ടീച്ചർ**

# *സന്ദേശം*



**പി സന്തോഷ് കുമാർ**

**ബഹു: പി.ടി.എ പ്രസിഡന്റ്**

**കുറ്റിക്കാട്ടൂർ ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ**

***വിവര സാങ്കേതിക വിദ്യയുടെ***
***വിപുലമായ സാധ്യതകൾ തേടുന്ന വിദ്യാർഥി***
***സമൂഹത്തിന്റെ സർഗാത്മകമായ കഴിവുകൾ***
***പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി നമ്മുടെ***
***വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന***
***ഡിജിറ്റൽ മാഗസിൻസംരഭത്തിന് വിജയാശംസകൾ***

# സന്ദേശം



**അജിത അഴകത്തില്ലത്ത്**

**ബഹു : ഡപ്യൂട്ടി എച്ച്.എം**

**കുറ്റിക്കാട്ടൂർ ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ**

*നവയുഗപ്രതിഭകളായി വിരാജിക്കാൻ വിവരങ്ങൾ വിരൽത്തുമ്പിലാവണം എന്ന ആശയം മുൻനിർത്തി പൊതു വിദ്യാഭ്യാസം ഡിജിറ്റലാക്കി മാറ്റി. കുട്ടികളുടെ പ്രതിഭ വെളിവാക്കുന്ന digital മാഗസിന്റെ അണിയറ പ്രവർത്തകർക്കും നേതൃത്വം നൽകിയവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ*

*അജിത*

# ആമുഖം

എഴുത്തിലൂടെ കെട്ടിപ്പടുത്ത അറിവിടങ്ങളെ
സമ്പന്നമാക്കുന്നുണ്ട് ഓരോ മാഗസിനുകളും
എന്ന തിരിച്ചറിവോടെയാണ്
കുറ്റിക്കാട്ടൂർ ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളിലെ
കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി
ഫോർ എജ്യുക്കേഷൻ (കൈറ്റ്) വിദ്യാർത്ഥികൾ
കൂട്ടായ പ്രവർത്തനത്തിലൂടെ നെയ്തെടുത്ത
ഡിജിറ്റൽ മാഗസിൻ ഞങ്ങളിവിടെ സമർപ്പിക്കുന്നത്...
ഭാഷാ കമ്പ്യൂട്ടിംഗിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ നിന്നും
അധ്യാപകരിൽ നിന്നുമുള്ള രചനകൾ ശേഖരിച്ചാണ്
വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ
ലിറ്റിൽ കൈറ്റ്സ് ന്റെ നേതൃത്വത്തിൽ
ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്.
ക്ലാസ്സ് റൂം ലൈബ്രറികളും ഡിജിറ്റൽ ക്ലാസ് റൂമുകളും
കൊണ്ട് പഠനവസന്തം തീർത്തിരിക്കുന്ന
നമ്മുടെ വിദ്യാലയത്തിന് വായനയുടെ മഴവില്ല്
തീർക്കാൻ ഡിജിറ്റൽ മാഗസിന് കഴിയുമെന്ന്
ഞങ്ങൾക്ക് ബോധ്യമുണ്ട്.സൈബർ കാലത്തിന്റെ
കാഴ്ചവട്ടത്തിൽ നിന്നു കൊണ്ട് അറിവിന്റെ
സർഗ്ഗ വഴികളിലേക്ക് വെളിച്ചം വീശുന്ന
ഡിജിറ്റൽ വിപ്ലവത്തിലൂടെ ചരിത്രം കുറിച്ചിരിക്കയാണ്
ലിറ്റിൽ കൈറ്റ്സ് ....

# ഉള്ളടക്കം


പിന്നിട്ട വഴികൾ..........9
നവാഗാതർക്ക് സ്വാഗതം..........11
പരിസ്ഥിതി ദിനം..........12
ക്ലാസ് ആക്ടിവിറ്റി..........13
പ്രതിജ്ഞ..........14
സ്വാതന്ത്ര്യദിനം..........15
ചാന്ദ്രദിനം..........16
J. R. C..........17
ലിറ്റിൽ കൈറ്റ്സ്..........18
ശിശു ദിനം..........19
ശാസ്ത്രരംഗം..........20
സാഹിത്യോത്സവം..........21
എജു-എക്സ്പോ..........22
പ്രളയാനന്തരം... നവകേരളം..........23
അഗ്നിതൻ അട്ടഹാസം..........24
കൃഷിച്ചൊല്ലുകൾ..........25
കൃഷിപ്പാട്ട്..........26
തുളസി..........27
ആര്യവേപ്പ്..........27
കറിവേപ്പ്..........28
MICHAEL FARADAY..........29
CV RAMAN..........30
INDIAN NOBEL PRIZE WINNERS..........31
നമ്മുടെ സ്വന്തം ചന്ദ്രയാൻ..........32
INDIAN PRIME MINISTERS..........33
1957 മുതലുള്ള കേരളാ മുഖ്യമന്ത്രിമാർ..........34
زبان؛ تکثیریت اور نشات ثانیہ..........35
കലാ രൂപങ്ങൾ..........36
എന്റെ ചിത്രം..........37
ഹരിതകേരളം..........39
കേവലമൊരു കൊള്ളിയാൽ..........40
പ്രഷർ കുക്കർ..........41
ഗ്രാമം..........42

ജാഗ്രതാ കുപ്പായം....................................................................................................................43
മരണഭീതി....................................................................................................................44
The First Red Buds....................................................................................................................45
HUMAN....................................................................................................................46
പ്രകൃതിയുടെ സൃഷ്ടികൾ....................................................................................................................47
ഏകാകിനിയുടെ പ്രാർത്ഥന....................................................................................................................48
പകർന്നാട്ടം....................................................................................................................49
solitude....................................................................................................................50
ആ കാലം....................................................................................................................51
അഹങ്കാരിയുടെ മറുക്....................................................................................................................53
ജ്യോതിശാസ്ത്രജ്ഞന്മാർ....................................................................................................................55
ഇന്നു ഞാൻ നാളെ നീ....................................................................................................................56

# പിന്നിട്ട വഴികൾ



*ചരിത്രത്തെ താൽകാലികാവശ്യങ്ങൾക്കായി*
*നശിപ്പിച്ച് പുതിയവ നിർമ്മിച്ച് സായൂജ്യം കൊള്ളുന്ന*
*പുതിയ തലമുറയോട് ചരിത്രത്തെ സൂക്ഷിക്കാൻ പഠിക്കണം .*
*കച്ചവടകണ്ണുകൾക്ക് മുന്നിൽ ചരിത്രം തോൽക്കരുത് .*
*വരും തലമുറ കാണേണ്ടതും കേൾക്കേണ്ടതും*
*കാത്തു സൂക്ഷിയ്ക്കാൻ നമ്മൾ ബാധ്യസ്ഥരാണ് .*

*1974 സെപ്റ്റംബർ 9 : ഇന്നത്തെ 'പൾസാ ഫർണിച്ചർ' സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അന്ന് മുസ്ലീം ലീഗ് ഓഫീസ് ആയിരുന്നു. ഇവിടെ വെച്ചായിരുന്നു സ്കൂളിന്റെ ഔദ്യോഗിക ഉദ്ഘാടനം. റൂറൽ അഡിഷണൽ ഉപജില്ലാ ഓഫീസർ ശ്രീ. സദാശിവമായിരുന്നു ഉദ്ഘാടകൻ. സ്കൂൾ രജിസ്റ്ററിലെ ആദ്യ വിദ്യാർത്ഥി(നി) എ. പി. സുബൈദ. 6 കുട്ടികളിൽ തുടങ്ങി ആ വർഷം അഞ്ചാം ക്ലാസ്സിൽ 2 ഡിവിഷൻ. സ്കൂൾ ടീച്ചർ ഇൻ ചാർജ് ശ്രീ. പാച്ചുക്കുട്ടി മാസ്റ്റർ, വിഷ്ണു നമ്പൂതിരി, പി. സരോജിനി, കെ. പി. സരോജിനി, പി. പി. ഉണ്ണികൃഷ്ണൻ, വാസുദേവൻ എന്നിവർ അധ്യാപകർ. 1975-ൽ അഞ്ചാം ക്ലാസ്സിൽ 3 ഡിവിഷനുകൾ കൂടി നടത്താൻ സ്ഥലമില്ലാതെ വന്നപ്പോൾ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതുവരെ പ്രസിഡണ്ട് ജനാബ് എ.പി. മൊയ്തീൻ കോയ ഹാജിയുടെ വീട്ടിൽ വെച്ചായിരുന്നു ക്ലാസ്സ്.*

*ശ്രീ. എം. പി. കോയക്കുട്ടി, ആനക്കുഴിക്കര മുഹമ്മദ്, പാറപുറായിൽ കോയക്കുട്ടി, വാപ്പുത്തറ രാമൻ നായർ, പേങ്ങാട്ടിൽ അലവി ഹാജി, സെലസ്റ്റിയൽ മാതൃഭൂമി സ്റ്റഡി സർക്കിൾ പ്രവർത്തകരായ കെ. കെ. വിജയൻ, ചെറുകര രവീന്ദ്രൻ, പാറക്കോട്ട് ബാലൻ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾക്കാവശ്യമായ പണപ്പിരിവും മറ്റു പ്രവർത്തനങ്ങളും തുടങ്ങി. ഭാവിതലമുറക്ക് വേണ്ടി മുണ്ടുമുറുക്കി, പട്ടിണികിടന്ന പൂർവ്വതലമുറയോട് നാമെന്നും കടപ്പെട്ടിരിക്കുന്നു. സ്കൂൾ കെട്ടിടത്തിനാവശ്യമായ ഓട് സംഭാവന ചെയ്തത് കുറ്റിക്കാട്ടൂർ ജമാ അത്ത് കമ്മിറ്റിയാണ്.*

*1975 ജൂലൈ 12-ന് സ്കൂളിന്റെ ഔപചാരിക ഉദ്ഘാടനം നിർമ്മാണകമ്മിറ്റി പ്രസിഡണ്ട് ശ്രീ. എ.പി. മൊയ്തീൻ കോയ ഹാജി നിർവ്വഹിച്ചു. തുടർന്ന്, സ്കൂൾ കെട്ടിടനിർമ്മാണകമ്മിറ്റി പിരിച്ചുവിട്ടു. ശ്രീ. എ.പി. മൊയ്തീൻ കോയ ഹാജി പ്രസിഡണ്ടായി ആദ്യത്തെ പി. ടി. എ. നിലവിൽ വന്നു.*

*(തയ്യാറാക്കിയത്: ഉണ്ണി ചീക്കോൽ)*

# നവാഗതർക്ക് സ്വാഗതം

ഫോട്ടോ ഗ്യാലറി





# പരിസ്ഥിതി ദിനം

## ഫോട്ടോ ഗ്യാലറി





# ക്ലാസ് ആക്ടിവിറ്റി

ഫോട്ടോ ഗ്യാലറി






# പ്രതിജ്ഞ

ഫോട്ടോ ഗ്യാലറി





# സ്വാതന്ത്ര്യദിനം

ഫോട്ടോ ഗ്യാലറി






# ചാന്ദ്രദിനം

## ഫോട്ടോ ഗ്യാലറി








# J. R. C

ഫോട്ടോ ഗ്യാലറി









# ലിറ്റിൽ കൈറ്റ്സ്

ഫോട്ടോ ഗ്യാലറി













# ശിശു ദിനം

ഫോട്ടോ ഗ്യാലറി









# ശാസ്ത്രരംഗം

ഫോട്ടോ ഗ്യാലറി










# സാഹിത്യോത്സവം


ഫോട്ടോ ഗ്യാലറി












# എജു-എക്സ്പോ

**ഫോട്ടോ ഗ്യാലറി**
















# പ്രളയാനന്തരം... നവകേരളം

**ഫോട്ടോ ഗ്യാലറി**









# അഗ്നിതൻ അട്ടഹാസം

കവിത



കത്തിജ്ജ്വലിക്കുമാമഗ്നിയിൽ
നീറുന്ന നിത്യമാം
പ്രകൃതിതൻ നിശ്വാസം
അറിയുന്നു ഞാനാ ശ്വാസം
അവസാനമാണോ അതോ ?
തുടക്കമാണോയെന്നോർത്തു...

പക്ഷെ അറിയുന്നതിൻ
പൊരുൾ തേടി അലയുന്ന
ഞാനെൻ ഓർമകളിലെല്ലാം
നിത്യം തിളങ്ങുന്ന ഋതുക്കളും
കത്തിജ്ജ്വലിക്കും കിരണവും
ഇരുട്ടിൻ അഗാതതയിൽ നിന്ന്

മനസ്സിൽ വെളിച്ചം പരത്തും
ചന്തം നോക്കിനിൽക്കേ
തുടങ്ങിയ ആ അഗ്നിതൻ
പുകയിൽ എരിഞ്ഞൊടുങ്ങുന്ന
ഓരോ ജീവശ്വാസത്തിൻ അണുവും
അഗ്നിയിൽ ഇന്നെരിഞ്ഞുതീരുന്ന

പ്രകൃതിതൻ മക്കളായ ഓരോ ജീവികളും
ഒരിറ്റു ശ്വാസത്തിനായ് അവർ അലറിലിളിക്കുന്നു
ആർത്തട്ടഹസിച്ചു സംഹരരുദ്രരായി
ആടിതിമിർത്തു നിൽക്കുന്ന
അഗ്നിയേ സീകരിക്കാൻ
ദയാപൂർവം കണ്ണുകൾ ഈറനണിയിച്ച്

Ambili 10A

# കൃഷിച്ചൊല്ലുകൾ



* ആയില്യത്തിൽ പാകാം അത്തത്തിൽ പറിച്ചുനടാം.

* കുംഭത്തിൽ നട്ടാൽ കുടത്തോളം.

* ഉടമയുടെ കണ്ണ് ഒന്നാന്തരം വളം.

* പറിച്ചു നട്ടാലെ കരുത്ത് നേടൂ.

* അടുത്ത് നട്ടാൽ അഴക്, അകത്തിനട്ടാൽ വിളവ്.

* വിത്താഴം ചെന്നാൽ പത്തായം നിറയും .

* മുളയിലറിയാം വിള

* നിലമറിഞ്ഞ് വിത്തിടേണം

* ഞാറുറച്ചാൽ ചോറുറച്ചു

* കടയ്ക്കൽ നനച്ചാലേ തലയ്ക്കൽ ചൊടിക്കൂ

* വിള പുറത്തിട്ട് വേലികെട്ടരുത്

* ചക്കതിന്നുംതോറും പാവ് വെപ്പാൻ തോന്നും

* ഒന്നു ചീഞ്ഞാലെ മറ്റൊന്നിനു വളമാകൂ..

* ചേറ്റിൽ കുത്തിയ കൈ ചോറിൽ കുത്താം

*സമ്പാ : ഷമീം കെ.പി 9A*

## കൃഷിപ്പാട്ട്

കവിത

*തന്തിനന്തിനം തനന്തിനന്തിനം*
*തന്തിനന്തിനം തനതിനം*
*തന്തിനന്തിനം തനന്തിനന്തിനം*
*തന്തിനന്തിനം തനതിനം*

*ഞാറ്റുപാട്ടുമേറ്റുപാടാം*
*നമുക്ക് നമ്മുടെ വയലില്*
*തന്തിനന്തിനം തനതിനന്തിനം*
*തന്തിനന്തിനം തനതിനം*

*ഏറുകൊട്ട വെള്ളം കോരും*
*നമുക്കും നമ്മുടെ വയലില്*
*തന്തിനന്തിനം തനതിനന്തിനം*
*തന്തിനന്തിനം തനതിനം*

*ഏറു നോക്കി നിൽക്കും*
*നമ്മുക്കും നമ്മുടെ വയലില്*
*തന്തിനന്തിനം തനതിനന്തിനം*
*തന്തിനന്തിനം തനതിനം*

*പുങ്കതിരുകളാടിയാടി*
*നമ്മുക്കും നമ്മുടെ വയലില്*
*തന്തിനന്തിനം തനതിനം*
*തന്തിനന്തിനം തനതിനം*

*പൊൻ കിളികൾ പാടിവരും*
*നമുക്കും നമ്മുടെ വയലില്*
*തന്തിനന്തിനം തനതിനം*
*തന്തിനന്തിനം തനതിനം*

*പൊൻ വെയിലും വന്നുചേരും*
*നമുക്കും നമ്മുടെ വയലില്*
*തന്തിനന്തിനം തനതിനം*

## തുളസി



ശാസ്ത്രക്കുറിപ്പ്

ഹിന്ദുക്കളുടെ വിശുദ്ധസസ്യമായ തുളസി അപൂർവ ഔഷധഗുണങ്ങളുടെ കലവറയാണ്.

ഒസിമം സാങ്റ്റം (ocimum sanctum linn)എന്നാണ്തുളസിയുടെ ശാസ്ത്രനാമം ഒരു മീറ്റർ വരെ ഉയരം ഔഷധിയാണ് തുളസി . നീല കലർന്ന പച്ച നിറമുള്ള കൃഷ്ണ തുളസിയാണ് കൂടുതൽ ഗുണസമ്പുഷ്ടം . പതിരോധ ശേഷി കൂട്ടാനും ശ്വാസകോശ രോഗങ്ങൾ കുറയ്ക്കാനും ഇതിന് കഴിവുണ്ട്ആയുർവേദ വിധിപകാരം കടുരസവും രൂക്ഷഗുണവും ഉഷ്ണവീര്യവുമാണ് തുളസിക്കുള്ളത് ത്വഗോഗങ്ങളെശമിപ്പിക്കുകയും മൂത്രശയത്തെ ഉദിപിപ്പിക്കുകയും ചെയ്യും സമൂലം ഔഷധമാണ്.

*Shanil afthas 9E*

## ആര്യവേപ്പ്

ശാസ്ത്രക്കുറിപ്പ്



ആര്യവേപ്പ് ' എന്ന വാക്കിന്റെ അർത്ഥം ശ്രേഷ്ഠം എന്നാണ് വേദ പുരാണങ്ങളുടെ കാലം മുതലേ വൃക്ഷശ്രേഷ്ഠൻ എന്ന മഹത്വം പേറി നിൽക്കുന്ന ഭാരതീയ വൃക്ഷമാണ് ആര്യവേപ്പ് മിലിയേസീ സസ്യ കുടുംബത്തിൽ ആര്യവേപ്പിന്റെ സഹോദരങ്ങളായി മലവേപ്പ്, മലവേമ്പ് എന്നീ വൃക്ഷങ്ങളുണ്ട് അസഡിരാക്ട ഇന്റിക്ക [AZADIRACHTA INDICA JUSS] എന്നാണ് വേപ്പിന്റെ ശാസ്ത്രീയ നാമം ഇടത്തരം വൃക്ഷമാണ് വേപ്പ് . ഇലപൊഴിയും വനങ്ങളിലും വരണ്ട പ്രദേശങ്ങളിലും നന്നായി വളരും ഹിന്ദുക്കൾ വേപ്പ് ഒരു പുണ്യ വൃക്ഷമായി കരുതുന്ന ഇല, എണ്ണ,വിത്ത് എന്നിവയെലാം ഔഷധമായി ഉപയോഗിക്കുന്നു. ലോകത്ത് ഇതമാതം പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയമാകുന്ന ഒരു സസ്യം വേറെ ഉണ്ടാവില പനി മുതൽ എയ്ഡ്സ് വരെയുള്ള നിരവധി രോഗങ്ങൾക്കെതിരെ വേപ്പിന്റെ ഔഷധവീര്യം പരീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.

Shameem 9A

# കറിവേപ്പ്

**ശാസ്ത്രക്കുറിപ്പ്**



*മലയാളിയുടെ നിത്യഭക്ഷണഭാഗമാണ് കറിവേപ്പ് എന്നാൽ ഇതിന്റെ ഔഷധമൂല്യങ്ങളെ അറിഞ്ഞുകൊണ്ടല്ല. രുചിയും മണവും പരിഗണിച്ചാണ് അടുക്കളയിലെ നിത്യസാനിത്യമായ കറിവേപ്പിനെ നാം അംഗീകരിച്ചത്.*

*മുറിയ കൊയ്നീജി (MURRAYA KAINIGII KURZ). എന്നാണ് കറിവേപ്പിന്റെ ശാസ്ത്രനാമം ഇലയിൽ അടങ്ങിയിരിക്കുന്ന ബാഷ്പശീലതൈലമാണ് സുഗന്ധം നൽകുന്നത് . ജീരകം 'എ' യുടെ ഏറ്റവും സമൃദ്ധമായ സാനിദ്ധ്യം ഇലകളിലുണ്ട് .ഉദരരോഗങ്ങൾക്കെതിരായ ഔഷധഗുണമാണ് കറിവേപ്പിന്റെ മുഖ്യ ആകർഷണതത്വം ദഹനശക്തി ത്വരിതപ്പെടുത്താനും കൃമിദോഷങ്ങളെ ഇല്ലാതാക്കാനും കറിവേപ്പിലയ്ക്കാവും.*

*Abhishek.S 9E*

# *കരിനൊച്ചി*

**ശാസ്ത്രക്കുറിപ്പ്**



***ഔഷധ ഗുണത്തിനൊപ്പം വിശ്വാസങ്ങളുടെ പരിവേഷവും ഉള്ള ചെറുമരമാണ് കരിനൊച്ചി. വാതരോഗങ്ങളെയും സന്ധിവേദനയെയും ശമിപ്പിക്കാൻ കരിനൊച്ചിക്ക് പ്രത്യക കഴിവുണ്ട്.വൈറ്റെക്സ് നെഗുണ്ടോ [VITEX NEGUNDO] എന്നാണ് കരിനൊച്ചിയുടെ ശാസത്രിയ നാമം നൊച്ചികൾ പലതരമുണ്ടക്കിലും നിലപൂവുകൾ ഉണ്ടാക്കുന്നവയാണ് കരിനൊച്ചി ഇലകളുടെ അടിഭാഗം നിലകലർന്ന പച്ചനിറമാണ് ബാഷ്പശിലത്വമുള്ള സൂഗന്ധതൈലം ഇലയും,തൊലിയും ,ഔഷധമായി ഉപയോഗിച്ചു വരുന്നു ക്ഷയം അദിയായശ്വാസകോശ രോഗങ്ങൾക്കെതിരെ പ്രതിരോധശേഷി പ്രദാനം ചെയ്യും***

*Abith.m 9H*

# MICHAEL FARADAY

ശാസ്ത്രക്കുറിപ്പ്



*Faraday was a British chemist and physicist who contributed significantly to the study of electromagnetism and electrochemistry.*

Michael Faraday was born on 22 September 1791 in south London. His family was not well off and Faraday received only a basic formal education. When he was 14, he was apprenticed to a local bookbinder and during the next seven years, educated himself by reading books on a wide range of scientific subjects. In 1812, Faraday attended four lectures given by the chemist Humphry Davy at the Royal Institution. Faraday subsequently wrote to Davy asking for a job as his assistant. Davy turned him down but in 1813 appointed him to the job of chemical assistant at the Royal Institution.

A year later, Faraday was invited to accompany Davy and his wife on an 18 month European tour, taking in France, Switzerland, Italy and Belgium and meeting many influential scientists. On their return in 1815, Faraday continued to work at the Royal Institution, helping with experiments for Davy and other scientists.

In 1821 he published his work on electromagnetic rotation (the principle behind the electric motor). He was able to carry out little further research in the 1820s, busy as he was with other projects. In 1826, he founded the Royal Institution's Friday Evening Discourses and in the same year the Christmas Lectures, both of which continue to this day. He himself gave many lectures, establishing his reputation as the outstanding scientific lecturer of his time.


In 1831, Faraday discovered electromagnetic induction, the principle behind the electric transformer and generator. This discovery was crucial in allowing electricity to be transformed from a curiosity into a powerful new technology. During the remainder of the decade he worked on developing his ideas about electricity.

He was partly responsible for coining many familiar words including 'electrode', 'cathode' and 'ion'. Faraday's scientific knowledge was harnessed for practical use through various official appointments, including scientific adviser to Trinity House (1836-1865) and Professor of Chemistry at the Royal Military Academy in Woolwich (1830-1851).

Shanil afthas 9E

# CV RAMAN

ശാസ്ത്രക്കുറിപ്പ്






Chandrasekhara Venkata Raman was born on November 7, 1888 in the city of Trichinopoly, Madras Presidency, British India. Today the city is known as Tiruchirappalli and sits in the Indian state of Tamil Nadu.

Raman's father was Chandrasekaran Ramanathan Iyer, a student teacher of mathematics and physics. His mother was Parvathi Ammal, who was taught to read and write by her husband. At the time of Raman's birth, the family lived on a low income. Raman was the second of eight children.

Raman's family were Brahmins, the Hindu caste of priests and scholars. His father, however, paid little attention to religious matters: Raman grew up to share his father's casual attitude to religion, but he did observe some Hindu rituals culturally and respected traditions such as vegetarianism.


When Raman was four years old his father got a better job, becoming a college lecturer, and the family moved to Waltair (now Visakhapatnam).

From a very young age Raman was interested in science, reading the books his father had used as a student. As he grew older, he started borrowing mathematics and physics books from his father's college library. Entering his teenage years, he began learning from books his father had bought when he had intended taking a master's degree in physics.

HARIDEV RANJITH 9E

# INDIAN NOBEL PRIZE WINNERS

ശാസ്ത്രക്കുറിപ്പ്




**Rabindranath Tagore – 1913**

**CV Raman – The Nobel Prize in Physics -1930**

**Mother Teresa – The Nobel Peace Prize -1979**

**Amartya Sen – The Sveriges Riksbank Prize in Economic Sciences in Memory of Nobel- 1998**

**Kailash Satyarthi – The Nobel Peace Prize -2014**


**Har Gobind Khorana – The Nobel Prize in Physiology or Medicine -1968**

**Subrahmanyan Chandrasekhar – The Nobel Prize in Physics -1983**

**Venkatraman Ramakrishnan – The Nobel Prize in Chemistry -2009**

# നമ്മുടെ സ്വന്തം ചന്ദ്രയാൻ

**ശാസ്ത്രക്കുറിപ്പ്**







ഇന്ത്യയുടെ ആദ്യ ചന്ദ്രയാത്ര പേടകമാണ് **ചന്ദ്രയാൻ.** ചന്ദ്ര പര്യവേഷണങ്ങൾക്കായി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനം (ഐ.എസ്.ആർ.ഓ) 2008 ഒക്ടോബർ 22 ന് കൃത്യം 6.22 ന് ചന്ദ്രനിലേയ്ക്ക് അയച്ച യാത്രികരില്ലാത്ത യാന്ത്രികപേടകമാണ് ചന്ദ്രയാൻ. ആയിരത്തോളം ഐ.എസ്.ആർ.ഓ. ശാസ്ത്രജ്ഞർ നാലുവർഷമായി ഈ പദ്ധതിക്കു പിന്നിൽ പ്രവർത്തിക്കുന്നു. ചന്ദ്രയാൻ പേടകം നിർമ്മിക്കാൻ ഏകദേശം 386 കോടി രൂപ ചെലവായിട്ടുണ്ട്. വിക്ഷേപണ സമയത്തു 1380 കിലോഗ്രാം ഭാരവും, ചന്ദ്രന്റെ ഭ്രമണപഥത്തിൽ എത്തുമ്പോൾ 675 കിലോഗ്രാം ഭാരവും ഉള്ള ചന്ദ്രയാൻ പേടകം ചന്ദ്രന്റെ 100 കി മീ അടുത്തുള്ള ഭ്രമണപഥത്തിലെത്തി ചന്ദ്രനെ വലംവെയ്ക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നിന്നാണ് ഇന്ത്യയുടെ ആദ്യ ചന്ദ്ര ദൌത്യവാഹനം വിക്ഷേപിച്ചത്. ചന്ദ്രയാൻ-1 ന്റെ പ്രഥമലക്ഷ്യം ചന്ദ്രന്റെ ഉപരിതലത്തിലെ രാസ, മൂലക ഭൌമശാസ്ത്രപരമായ പ്രത്യേകതകളെ വളരെ കൃത്യതയിൽ പഠിക്കുക എന്നതാണ്. ഇതു ചന്ദ്രനിലെ വിവിധ ശിലാഘടകങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിവരങ്ങൾ തരും .

SHAMEEM.KP 9A

# INDIAN PRIME MINISTERS



## 1957 മുതലുള്ള കേരളാ മുഖ്യമന്ത്രിമാർ




| മുഖ്യമന്ത്രിയുടെ പേര് | കാലയളവ് |
|---|---|
| ശ്രീ ഇ.എം.എസ് നമ്പൂതിരിപ്പാട് | ഏപ്രിൽ 5, 1957 -ജൂലൈ 31, 1959 |
| ശ്രീ പട്ടം എ. താണുപിള്ള | ഫെബ്രുവരി 22, 1960 -സെപ്തംബർ26, 1962 |
| ശ്രീ ആർ. ശങ്കർ | സെപ്തംബർ 26, 1962 -സെപ്തംബർ10, 1964 |
| ശ്രീ ഇ.എം.എസ് നമ്പൂതിരിപ്പാട് | മാർച്ച് 6, 1967 -നവംബർ 1, 1969 |
| ശ്രീ സി. അച്യുതമേനോൻ | നവംബർ 1, 1969 -ഓഗസ്റ്റ് 1, 1970 |
| ശ്രീ സി. അച്യുതമേനോൻ | ഒക്ടോബർ 4, 1970 -മാർച്ച് 25, 1977 |
| ശ്രീ കെ. കരുണാകരൻ | മാർച്ച് 25, 1977 -ഏപ്രിൽ 25, 1977 |
| ശ്രീ എ.കെ. ആന്റണി | ഏപ്രിൽ 27, 1977 - ഒക്ടോബർ 27, 1978 |
| ശ്രീ പി.കെ. വാസുദേവൻ നായർ | ഒക്ടോബർ 29, 1978 -ഒക്ടോബർ 7, 1979 |
| ശ്രീ സി.എച്ച്. മുഹമ്മദ് കോയ | ഒക്ടോബർ 12, 1979 -ഡിസംബർ 1, 1979 |
| ശ്രീ ഇ.കെ. നായനാർ | ജനുവരി 25, 1980 - ഒക്ടോബർ 20, 1981 |
| ശ്രീ കെ. കരുണാകരൻ | ഡിസംബർ 28, 1981 - മാർച്ച് 17, 1982 |
| ശ്രീ കെ. കരുണാകരൻ | മേയ് 24, 1982 -മാർച്ച്25, 1987 |
| ശ്രീ ഇ.കെ. നായനാർ | മാർച്ച് 26, 1987 - ജൂൺ 17, 1991 |
| ശ്രീ കെ. കരുണാകരൻ | ജൂൺ 24, 1991 - മാർച്ച് 16, 1995 |
| ശ്രീ എ.കെ. ആന്റണി | മാർച്ച് 22, 1995 -മേയ്9, 1996 |
| ശ്രീ ഇ.കെ. നായനാർ | മേയ് 20, 1996 -മേയ് 13, 2001 |
| ശ്രീ എ.കെ. ആന്റണി | മേയ് 17, 2001 - ഓഗസ്റ്റ്29, 2004 |
| ശ്രീ ഉമ്മൻ ചാണ്ടി | ഓഗസ്റ്റ് 31, 2004 - മേയ് 12, 2006 |
| ശ്രീ വി.എസ്. അച്യുതാനന്ദൻ | മേയ് 18, 2006 - മേയ് 14, 2011 |
| ശ്രീ ഉമ്മൻ ചാണ്ടി | മേയ് 18, 2011 - മേയ് 20, 2016 |
| ശ്രീ പിണറായി വിജയൻ | മേയ് 25, 2016 - |

*Haridev 9E*

# زبان ؛تکثیریت اور نشات ثانیہ



گنگا جمنا کی لہروں میں سات سروں کا سرگم

تاج ؛الورا جیسے سندر تصویروں کا البم

لفقط ہم؛ میں جس طرح ؛ہ؛ م؛ ہے شیر وشکر

چاہے ہندو مسلمان یوں ہی مل جل کر رہیں

ആയിശ (ഉർദു അധ്യാപിക)


# കലാ രൂപങ്ങൾ








# എന്റെ ചിത്രം










*Reshmi Nair*

# ഹരിതകേരളം

കുറിപ്പ്



*കേരളത്തിന്റെ ഒരു പ്രകൃതിയും മണ്ണും കാലാവസ്ഥയുമെലാം കൃഷിക്ക് ഏറ്റവും അനുകൂലമാണ് . ഇതിനെ ഉപയോഗപ്പെടുത്തുന്ന ഒരു ജീവിതശൈലിയിലേക്ക് കേരളീയർ മാറേണ്ടതുണ്ട്. ഓരോ കുടുംബവും അവർക്കായുള്ള പച്ചക്കറികൾ വീട്ടുപറമ്പിൽ*

*കൃഷി ചെയ്യുന്ന സ്കൂൾ കോമ്പൗണ്ടിൽ തന്നെ കൃഷി ചെയ്തുണ്ടാക്കുന്ന നാട്ടിലെക്കും വിഷമിലാത്ത പച്ചക്കറിക്കളും ഭക്ഷ്യധാന്യങ്ങളും വിളയുന്ന . പാടത്തും പറമ്പിലും അധ്വാനിക്കുന്നതു കൊണ്ട് ജീവിതശൈലി രോഗങ്ങളുമിലാ.ഇങ്ങതെയൊരു നാളെയാണ് നമുക്കു വേണ്ടത് .*

## കേവലമൊരു കൊള്ളിയാൽ

കവിത

നിഴലിനുതാഴെ ഊർന്നൊലിക്കുന്ന
വിയർപ്പിന് ഗന്ധം ഇളം തെന്നലിലൂടെ ഓരോ
ശികിരങ്ങളിലെ സപ്നത്തെയുണർത്തികൊണ്ട് ആടിയുലയുന്നു
ഓരോ ശികിരങ്ങൾക്കുമാം ഗന്ധം പരിചിതമാണ് കാടെന്ന
ദൈവവരദാനം സ്വന്തമാക്കാൻ കൊതിക്കുന്ന നീചന് അടിയാണയാൾ
സ്വയം ജ്വലിക്കാനാവുന്ന തീനാളത്തെ കേവലമൊരു
കൊള്ളിയാൽ അദ് കുറിക്കാനൊരുങ്ങുന്ന
അടിയാളവന്മാരെ നിനക്കറിയില ആ ജ്വലിക്കുലന്ന അഢിയാവാൻ
കാത്തിരിക്കുന്ന പടർപ്പുകളെ വേരികളേ.......
ആഴ് ന്നിറങ്ങിയ വേരുകൾ നിൻ അധരങ്ങളെ
അടർത്തിമാറ്റുന്നുവോ എങ്കിൽ നീയറിയുക നിൻ ആഴം
അവഭൂമിയോളമെത്തിയെങ്കിലൂം തെല്ലും നിൻ
ശാസവിതച്ചുനാളത്തിന് നിൻ വേരുകളുടെ
അടിത്തറയിളക്കാനുമാവുമെന്ന്
ഇനിയെത്ര തീനാളങ്ങളെ ഒത്തുചേർത്താലും.
..........പടർന്നു ............ജ്വലിക്കുന്ന .............
അവഭൂമിയെന്ന മഹത്തുതത്തിന് അധമാകാനുള്ള
ഓർമ്മപ്പെടുത്തി അവയെങ്ങ് ആളികത്തുന്നു
ദേ അവയെങ്ങ് ആളുന്നു ............ ഭൂമിയുടെ ജീവനാം തുടിപ്പുകൾ
ആകാശത്തിന് തൂണുകൾ..........ആളുന്നു
കാട് കത്തുന്നു..............................

......................................................
......................................................
......................................................

# പ്രഷർ കുക്കർ

കവിത





മകനാണ് പറഞ്ഞത്
അമ്മയൊരു പ്രഷർ കുക്കറാണെന്ന്
ഇടയ്ക്കൊക്കെ ചീറ്റുകയും കരയുകയും
ചെയ്യാറുണ്ടെന്ന് !
ആവശ്യത്തിനധികമായി പ്രഷർ
നൽകുന്നുവെന്ന് !
പലപ്പോഴും ചെറിയ ചൂടിൽ അലറി
വിളിക്കാറുണ്ടെന്ന് !
അടുത്തു ചെന്ന് തൊട്ടു തലോടി
മൂടി തുറന്നു നോക്കിയപ്പോഴാണ്
കണ്ടത്
പലതും പാതി വേവാതെ
തിളച്ചു മറിഞ്ഞു കൊണ്ടിരിക്കുന്നു എന്ന്
മകന്റെ പഠനം, മകളുടെ പിണക്കം
പതിയുടെ അവഗണനകൾ,
ഓഫീസിലെ വീർപ്പുമുട്ടലുകൾ
നഷ്ടസ്വപ്നങ്ങൾ അങ്ങനെ പലതും
പതിയെ മറ്റൊരു പാത്രത്തിലേക്ക്
പാതി കടഞ്ഞെടുത്തു ശേഷം കുക്കറിൽ നിന്നു വന്നത്
ഹൃദയഹാരിയായ സുഗന്ധമായിരുന്നു....

Biju James
HST

# ഗ്രാമം

ചിത്രം



Akhil.kp 9H

# ജാഗ്രതാ കുപ്പായം

കവിത

(അന്ധമായ വികസന തേരോട്ടത്തിൽ പിഴുതെറിയപ്പെട്ട
പതിനായിരങ്ങളുടെ പ്രതിനിധി പാടുന്നു)



ഭൂസമരങ്ങൾ കൊടുമ്പിരിക്കൊള്ളുന്ന ഭൂമിയാണിന്നെന്റെ ഭാരതം
ഒരു പിടി മണ്ണിനായ് പടപൊരുതീയവർ ഉയിരിപോലും
കടമായി നൽകീ വികസനമെന്ന വിളിപ്പേരു ചൊല്ലി
ഉള്ളതെല്ലാം വിറ്റു വിദേശിക്കു വിരുന്നൊരുക്കീ
വീതിയേറും പാതകൾക്കായെൻ വീതമെല്ലാം വീതിച്ചു നൽകി
ഞാൻ നിറവെളിച്ചത്തിൽ കണ്ണു കഞ്ചീ
പിറകിലുള്ളോരപകടമറിഞ്ഞില്ല നാം
തീറെഴുതിക്കൊടുത്തു പോയ് ജന്മനാടിന്റെ മാനവും മേനിയും
പിറവി തന്നോരമ്മയെ മറന്നേച്ചു നാം.. ജന്മനാടിന്റെ മാനവും മേനിയും
ദാഹനീരല്ലെങ്കലെന്ത് കുടിക്കാൻ, കോളയില്ലേ സുലഭമായ് നാട്ടിൽ ?
കുന്നു പാടങ്ങള ന്യമാകിലെന്ത്,എൻ കുഞ്ഞു മടിശ്ശീലയൊരു
കുന്നായ് മാറുമെങ്കിൽ ?
വിശപ്പിനു വിളമ്പാനില്ലെങ്കിലെന്ത്,വീതിയേറും പാതയില്ലേ വിസ്മയിപ്പാൻ?
വേദനക്ക് മരുന്നില്ലെങ്കിലെന്ത്,വിധിയെന്ന് ചൊല്ലിയാൽ പോരെയോ ?
നിർത്താ തലച്ചു പെയ്യുമീ ചാനൽ പെരുമഴയിൽ
ഞാനറിയാതൊലിച്ചു പോയെൻ മനസ്സും മസ്തിഷ്കവും.
ആവുന്നില്ലെന്നു മുരിയാടുവാൻ എൻ നാവു പോലും പണയത്തിലല്ലയോ...
ഒടുനാൾ കൊണ്ടു നായ് തീർന്നു ഞാൻ എൻ പട്ടടപോലുമവർ
പങ്കിട്ടെടുത്തു സ്വന്തമായൊന്നുമില്ലെൻ മകൾക്കും സോദരിക്കുമിന്നെല്ലാ-
മൊപ്പിയെടുത്തു പോയ്
ക്യാമറക്കണ്ണുകൾ.അടങ്ങിയിരിക്കല്ലെ നീ സ്വകുടഞ്ഞെഴുന്നേറ്റ്
പടപൊരുതിനേടുക, നിന്നാത്മാഭിമാനം....
ഇനിയെങ്കിലും കരുതിവെയ്ക്കു നിന്നുള്ളിലെരിയും കനൽക്കഷ്ണമെങ്കിലും അഴിച്ചു മാറ്റുക നിൻ
നിസ്സംഗതയുടെ നിശാവസ്ത്രമിന്ന്...എടുത്തണിയുക പുതിയൊരു ജാഗ്രതക്കുപ്പായ മിന്ന്.
നാമ്പെടുക്കട്ടെ നമ്മളിൽ സ്നേഹകാരുണ്യമൂല്യങ്ങളെന്നും
കുമ്പടയട്ടെ വർഗ്ഗ വർണ്ണ വൈജാത്യ ചിന്തകൾ ...

**ഷബീബ കെ.ടി(അധ്യാപിക)**

# മരണഭീതി

കവിത

ലോകമെത്രയും കൺതുറന്ന നാൾ
പകച്ചുപോയ രാവിൽ നാം
പതിമൂന്നുകാരനു തോന്നിയ മോഹത്തിൽ
അത്രമായി ഉള്ളിനുള്ള പൂത്ത പൂവായി
ഞാനാദ്യം കണ്ട പൂത്ത പൂവായി
വിധിയായ മഴയായ അവൾ എന്നും
മിന്നലായ് ഓ ഓ
വിധിയായ അടുത്ത രാവിൽ
മരണമെന്നത് എത്തി നാം വേണ്ടി
വിളിച്ചു നാം വിളിച്ചു നാം
അവസാനം മരണമെന്നത് നിശ്ചയം
ഓടക്കുഴയിൽ ഈണം പോൽ

UJWAL M.K9E

# The First Red Buds

കവിത



I started  for a winning
At all the day for winning
I am with red buds to loud
for a dream to over come
My dream at night
Comes true in once
the day

UJWAL M.K
9E

# HUMAN

കവിത

Give whatever you have
to them
who need it
Give your hand to them
who surviving from
the flood

If you gave your
helping hand
they will imagine
you like
A god

Human  become
human when other
see him as
a human

Shanil afthas
9E

## പ്രകൃതിയുടെ സൃഷ്ടികൾ

രചന



ശ്രീ നാരായണ ഗുരുവിന്റെ ഒരു വാക്കുണ്ട് "മതമേതായാലും മനുഷ്യൻ നന്നായാൽ മതി". ഈ വാക്കിന് നമ്മുടെ ജന്മനാടായ കേരളത്തിൽ ഒരു പ്രസക്തിയും ഉണ്ടായിരുന്നില്ല. പ്രസക്തി ഉണ്ടായത് നമ്മുടെ തന്നെ ജീവിതം മാറ്റിമറിച്ച പ്രളയക്കെടുതിയിലാണ്. ഈ സമൂഹം മതമേതാണ് താഴ്ന്ന ജാതിയാണോ വലിയ ജാതിയാണോ എന്നൊക്കെ നോക്കിയാണ് മറ്റുള്ളവരെ സഹായിക്കുന്നത്. നമ്മളെ തന്നെ അതിശയിപ്പിച്ച ഒരു വലിയ കാഴ്ച്ചയായിരുന്നു പ്രളയം. പ്രളയത്തിൽ പലർക്കും പലതും നഷ്ടപ്പെട്ടു. ജാതി നോക്കാതെ ഒറ്റക്കെട്ടായി നമ്മൾ പ്രളയത്തെ നേരിട്ടു. നമുക്ക് കഴിയുന്ന സഹായം നമ്മൾ ചെയ്തു കൊടുത്തു. ധനികനില്ല ദരിദ്രനില്ല എല്ലാവരും ഒന്നാണ് എന്നതായിരിക്കണം നമ്മുടെ സ്വഭാവം.

പ്രകൃതി മതം നോക്കിയിട്ടോ ദരിദ്രനോ ധനികനോ എന്ന് നോക്കിയിട്ടല്ല പ്രകൃതി കൊണ്ടു പോകുന്നത്. ജാതി നോക്കുന്ന നമ്മൾ പ്രളയത്തിലൂടെയാണ് മനുഷ്യരെല്ലാം ഒന്ന് എന്ന മഹത്വായ കാര്യം മനസ്സിലാക്കിയത്. വീടുകൾ നഷ്ടപ്പെട്ടവർ, അഭയാർത്ഥി ക്യാംപുകളിൽ അഭയം തേടിയവർ ഒരു ജീവിത കാലം മുഴുവൻ സൂക്ഷിച്ച സമ്പാദ്യം മുഴുവൻ നഷ്ടപ്പെട്ടവർ എന്നിവർക്കു വേണ്ടി സിനിമ താരങ്ങൾ അടക്കമുള്ളവർ സഹായം നൽകി.എത്ര വലിയ ദുരന്തങ്ങൾ വന്നാലും ഇനി ഞങ്ങൾ ഒറ്റക്കെട്ടായി തന്നെ നിൽക്കും.

# ഏകാകിനിയുടെ പ്രാർത്ഥന.......

കവിത

ഒരു രാവ് പുലരുമ്പോൾ ഗ്രാമവും പുഴയായി
ജീവിതം ഒരു നിലവിളിയിലൊതുങ്ങി
കാണാത്ത കാഴ്ചകൾ കാണവാൻ കൗതുകം
ഇന്ന് ആ കാഴ്ചകൾ ഒരുപാട് വേദനയുളത്തരങ്ങൾ
ഇരമ്പിയെത്തുന്ന ഓളങ്ങളിൽ
തകർന്നടിഞ്ഞുവോ മനുഷ്യ ജീവിതം
അരികത്തു കണ്ടാൽ അറിയാത്ത ഭാവം
വാക്കിലും നോക്കിലും വിദ്വേഷം മാത്രം
ഇന്നവർ ഒന്നായി സ്നേഹത്തിൻ തണലിൽ...
കേരളമെന്ന പേര് കേട്ടാൽ അഭിമാനിക്കണം
ഇനി വരുന്ന തലമുറകൾ
ജാതിയുടെ മതിൽ കെട്ട് തകർത്ത്
മനുഷ്യ നന്മയെ ഉയർത്തണം
ഒലിച്ചിറങ്ങുന്നരോർമകളിൽ
തെളിഞ്ഞിടുന്ന ആ പഴയ കാലം
പൂവായും പൂമ്പാറ്റയായും
കടലായും തിരമാലയായും
മനുഷ്യ മനസ്സുകൾ കുന്നാവണം
ഏകാകിനിയോ കേരളം....അവൾ നമുക്കാത്മാവ്....
പ്രകൃതിയെ കൊന്നു തിന്നുന്ന മനുഷ്യന്
ഒരു തിരിച്ചടിയായ്,പ്രകൃതിയുടെ വികൃതി
കുന്നും,പുഴയും,കാടും സംരക്ഷിച്ച്
ചങ്ങമ്പുഴയുടെ ഗ്രാമ ഭംഗിയെപ്പോൽ
*നവകേരളത്തെ നാം വാനിലുയർത്തണം*

## പകർന്നാട്ടം.....

കവിത

ഒരു പകർന്നാട്ടം.....ചുട്ടികുത്താതെ...

ചമയങ്ങളില്ലാതെ...കേളിയിലുണരുന്ന

പകർന്നാട്ടം....

വിസ്മയചെപ്പിൻെറ താഴ് തുറക്കുന്ന

വർണ്ണ വിഹായസിൻ ജാലകം നീക്കുന്ന

വിസ്മരിപ്പിക്കാത്ത ജാലവിദ്യ



നീറുന്ന നേരത്തു നേരിനെ തേടുവാൻ

നേർ കാഴ്ച്ച നൽകുന്നൊരുദ്ഘോഷണം

ജീവൻെറ സ്പന്ദനം ജീനിൻെറ വഴികളിൽ

തേടിയലയുന്ന തീർത്ഥാടനം

പിരിച്ചും ഗുണിച്ചും മായ്ച്ചും വരച്ചും

കഷ്ടനഷ്ടത്തിൻ കണക്കെടുപ്പിൽ

ലാഭശിഷ്ടം വരുത്തും ഗണിത സൂത്രം...

ഉറങ്ങാചരിതമൊളിപ്പിച്ചുറങ്ങുന്ന

മണ്ണിന്നുയിർപ്പിൻ രണകാഹളം....

വിലങ്ങു ഭേദിക്കുവാൻ വിപ്ലവം പുലരുവാൻ

വിജ്ഞാനമോതുന്ന നവതാരകം...

പരമ സത്യത്തിൻെറ പരമാണു തേടുന്ന

പഥയാത്രയിൽ..നിറവിളക്കേന്തി..

വഴിതെളിച്ചെത്തുന്ന സഹയാത്രികൻ..

കർമ്മഫലത്തിൻെറ പുണ്യ കൊതിക്കാത്ത

നിസ്വാർത്ഥ സേവനം അധ്യാപനം....

ആത്മ സമർപ്പണം അധ്യാപനം.....

സബീഷ് (അധ്യാപകൻ)

# solitude

കവിത



*Fluttering my shattered wings*
*I sore high*
*to the sky*
*All alone*
*to embrace the sparkle.*

*Loneliness, my bosom friend*
*holding my fingers*
*Feeling me*
*My warmth*
*tickling my soul*

*Oh , my broken wings*
*Have corrected my life*
*the crimson red droplets*
*Speak aloud*
*My heart's pain*

*Memories are left speechless*
*Lost its edge*
*No more pain*
*No more tears*
*Here I am firm, stronger, bolder*

*Reshmi Nair*
*HST (Eng)*

# ആ കാലം

കവിത



ഉണ്ടെനിക്കിപ്പോഴുമോർക്കുവാനേറ്റവും
സന്തോഷമേകുന്നൊരാനല്ല നാളുകൾ
വിദ്യാലയത്തിരുമുറ്റത്തുപണ്ടു ഞാൻ
പൂമ്പാറ്റപോൽ പാറിപ്പാടി നടന്നനാൾ
പേമാരി വന്നില്ല പ്രളയവും വന്നില്ല
ആദികളും മഹാവ്യാധികളുമില്ല
കള്ളുകുടിയില്ല ബീഡിവലിയില്ല
കുട്ടികൾ ഞങ്ങൾക്ക് കുട്ടികളിമാത്രം
ബാലാവകാശങ്ങളൊന്നുമേ ഇല്ലന്ന്
വന്ദ്യഗുരുവിനെ കോടതി കേറ്റുവാൻ
അല്ലെങ്കിൽ സ്വപ്നത്തിൽ പോലുമില്ലന്നൊന്നു
മിത്തരം ചിന്തകളൊട്ടും തന്നെ
ഉണ്ടായിരുന്നുളവറ്റ വിശ്വാസവും
ഏറെ ഭയഭക്തി ഏറെ ബഹുമാനം
വന്നില്ല അച്ഛനും അമ്മയുമൊന്നും
ശിക്ഷിച്ച ടീച്ചറെ താക്കീതു ചെയ്യുവാൻ !
ഒരു സ്ലേറ്റു പെൻസിലാൽ കോറിയ വരകളാ
ചെറുമഷിതണ്ടിനാൽ മാഞ്ഞുപോകും പോലെ
ചൂരൽ വടിത്തുമ്പു കൊണ്ടു ഗുരുനാഥൻ
എന്നിളംമേനിയിൽ
തീർത്തൊരാപ്പാടുകൾ
നീറിയെന്നാകിലും ചോർന്നു പോയ് വേദന-
യാ മൃദുസ്പർശമെൻ നെറുകിൽ പതിഞ്ഞപ്പോൾ
കാലത്തെണീറ്റിട്ടു വേഗം കുളിച്ചിട്ടാ
നീളൻമുടി പിന്നിക്കെട്ടീ യിരുവശം
ക്ലേശമൊന്നും തോന്നിയില്ലെനിക്കേതുമേ
ആത്മവിശ്വാസമിരട്ടിച്ചതല്ലാതെ !
വീഡിയോ ഗെയിമില്ല
ഓൺലൈനിൽ ചാറ്റില്ല

സെൽഫിയെടുക്കുവാൻ ഫോണുമില്ല
സൗഹൃദങ്ങൾക്കൊട്ടു പഞ്ഞവുമില്ലന്ന
കഞ്ഞി കുടിക്കുവാൻ മടിയുമില്ല

ഉണ്ടായിരുന്നേറേയാർത്തുല്ലസിക്കുവാൻ
നാടൻകളികളുംവേണ്ടുവോളം
കണ്ണുപൊത്തിക്കളി,കക്ക് കളി പിന്നെ
കല്ലുകളി...ഗോലി കൊണ്ടു.കളി
കുട്ടിയുംകോലുംകളി കഴിഞ്ഞാൽപ്പിന്നെ
കള്ളനും പോലീസുമായിക്കളി
മുറ്റത്തുനില്ക്കുന്ന മാവിലെറിയുമ്പോൾ

താഴത്തു വീഴുന്ന മാങ്ങ പെറുക്കീട്ട്
പങ്കുവെയ്ക്കുമ്പഴാ സൗഹൃദം കൈമാറും
കുട്ടിക്കുറുമ്പന്മാർ എത്രയോ പേരവർക്കി -
ല്ലായ്മ ഏറെയുണ്ടായിരുന്നെങ്കിലും
കയ്യാങ്കളിയൊന്നുമില്ലാത്ത നാളുകൾ
പാഠംപഠിപ്പിക്കുംനേരത്ത് നൽകി-
യന്നേറെയറിവുകൾ പാഠങ്ങൾക്കപ്പുറം...

ചൊല്ലിപ്പിച്ച പദ്യശകലങ്ങൾ
ഇപ്പോഴുമോർക്കുന്നിതൊട്ടും മറക്കാതെ
അത്രമേലാഴത്തിലറിവിന്റെ വിത്തെറിഞ്ഞമരത്തു
നിൽക്കുന്നോർ
എൻ ഗുരുനാഥന്മാർ
അന്നു പകർന്നൊരറിൻ വെളിച്ചത്തിന്നൊളി
മങ്ങിയില്ലിത്ര കാലം കഴിഞ്ഞിട്ടും

പുസ്തകത്താളിലൊളിച്ചപീലിക്ക്
കുട്ടികളുണ്ടാവാൻ പ്രാർത്ഥിച്ച്കാത്തതും
നാലുമണിപ്പൂവിൻകായ പൊട്ടിച്ചി
വട്ടത്തിൽ തുവെള്ളപ്പെട്ടൊന്നുതൊട്ടതും
ഓർക്കുമ്പോഴിപ്പോഴും വാടാതെനില്ക്കുന്ന
നിത്യസുഗന്ധിയായ്
*ഓർമ്മതൻസൂനങ്ങൾ*
*Vidya bijuUPST*

# അഹങ്കാരിയുടെ മറുക്

കവിത

**അ**തിരാവിലെ
അടിച്ചെഴുന്നേൽപ്പിച്ച്
ആംഗലേയ ഗീതം
കരച്ചിലിനോട്
ചേർത്തിരുത്തി
മകൻടെ
ചെവിക്ക് പിടിച്ച്
ചൊല്ലിച്ചപ്പോൾ
കോഴി
പതിവില്ലം
ഉച്ചത്തിൽ കൂവി
പരിഹസിച്ചു.......
ബ്രെയ്ക്ക് ഫാസ്റ്റിനിടയിൽ
ചായയ്ക്ക്
കടുപ്പമല്പം കുറഞ്ഞതിന്
ചുമരിൽ ചിതറിയ
പൊട്ടിയ ചില്ലിൽ
കണ്ണ് മുറിഞ്ഞ
ഭാര്യയുടെ നിഴലിൽ
നഖംകൂർപ്പിച്ച്
പൂച്ച ചെറുയെന്ന് ആട്ടി.......



അലക്കിത്തേച്ച
വസ്ത്രത്തിലെ
ചുളിവിന്
മുഖത്തടിയേറ്റ
മകളുടെ തേങ്ങലിൽ
നനഞ്ഞ്
സ്വർണ്ണ മത്സ്യങ്ങൾ

സ്ഫടിക ഗോളത്തിൽ
ശത്രുവിന്റെ
മുമ്പിൽ പ്പെട്ടവരെ പോലെ
ജലത്തിൽ പുളഞ്ഞു...

ഷൂസിന്റെ
അഴിയാക്കുരുക്കുകൾ
നേരെയാക്കുന്ന
വേലക്കാരനെ
തൊഴിക്കുന്നതിനിടയിൽ
തൊടിയിലെ പശു
ഇളിച്ചു കാണിച്ചു ....

പവിഴപ്പുറ്റിലൊളിച്ച്
കാറിൽ
യാത്രയാകുമ്പോൾ
തെരുവ് പട്ടികൾ
ഭ്രാന്തൻ ഭ്രാന്തൻ
എന്നലറി
മരയിലയിലെ
കാറ്റു പോലും
അഹങ്കാരിയെന്ന്
വിളിച്ചു ...

എന്നിട്ടും
ഓഫീസിലെ
ചാരുകസേരയ്ക്ക്
ചുവട്ടിൽ
കുറേ മനുഷ്യർ
കാല് നക്കാനായി
വായ പൊളിച്ചു
നില്ക്കുന്നു
പിന്നെ അഹങ്കരിക്കണ്ടേ ...?

- ഹരിഷ് കീഴൽ
(മലയാള അധ്യാപകൻ)

# ജ്യോതിശാസ്ത്രജ്ഞന്മാർ

ശാസ്ത്രരചന



# ഇന്നു ഞാൻ നാളെ നീ

കഥ



*രാഹുൽ നടക്കാനിറങ്ങിയതായിരുന്നു. റോഡിൽ ഒരാൾക്കൂട്ടം! "എന്താ അത്?". രാഹുൽ അടുത്തുണ്ടായിരുന്ന ആളോട് ചോദിച്ചു. "ഓ അത് ഒരു ആക്സിഡന്റാ".അയാൾ പറഞ്ഞു. രാഹുൽ അങ്ങോട്ട് പോയി നോക്കി. റോഡ് മുഴുവൻ രക്തം. ഒരു വൃദ്ധൻ രക്തത്തിൽ കുളിച്ച് കിടക്കുന്നു."ഇയാളെ രക്ഷിക്കണോ?".രാഹുൽ ആലോചിച്ചു. അവസാനം വേണ്ടെന്ന് തീരുമാനിച്ചു. പെട്ടെന്നവന് ഒരു ഐഡിയ തോന്നി! അവൻ മൊബൈലെടുത്ത്,മരണാസന്നനായി കിടക്കുന്ന അയാളൊടൊപ്പം ഒരുപാട് ഫോട്ടോ എടുത്തു. അതിൽ ഒന്നെടുത്ത് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു.2000 ലൈക്ക്. പിന്നീടൊരു ദിവസം. പുതുതായി വാങ്ങിയ ബൈക്കിൽ കറങ്ങാനിറങ്ങിയതായിരുന്നു രാഹുൽ. ആഹ്ലാദത്തിമിർപ്പിനിടയിൽ എതിരെ പാഞ്ഞുവരുന്ന ലോറി അവൻ കണ്ടില്ല. രണ്ടു വണ്ടികളും കൂട്ടിമുട്ടി. റോഡ് മുഴുവൻ രക്തം. രക്തത്തിൽ കുളിച്ച് രാഹുൽ കിടക്കുന്നു.ഒരുപാട് ആൾക്കൂട്ടം. എല്ലാവരും ഫോട്ടോയെടുക്കുന്ന തിരക്കിലാണ്. രാഹുലിന് പണ്ട് താൻ ശ്രദ്ധിക്കാതിരുന്ന വൃദ്ധനെ ഓർമ്മ വന്നു. അവൻ കരയാൻ തുടങ്ങി. അവൻ അവിടെക്കൂടിയിരുന്നവരോട് പറഞ്ഞു "ഇന്നു ഞാൻ, നാളെ നീ".*

ബിഥുൻ.സി 9H

# നന്ദി